**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5777** **08-07-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് വിട്ടെടുപ്പ് നടത്തുന്ന വാഹന കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര മാസത്തെ കുടിശിക നൽകാനുണ്ടെന്നും പ്രസ്തുത തുക എപ്പോൾ കൊടുത്തു തീർക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (എ) | നിലവിൽ രണ്ട് മാസത്തെ (2024 മെയ്, ജൂൺ) തുകകളാണ് കുടിശ്ശികയായിട്ടുള്ളത്. ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും, വിതരണം നടത്തുവാൻ മറ്റ് തടസ്സങ്ങൾ ഇല്ലാത്തതുമായ, 2024 ഏപ്രിൽ മാസം വരെയുള്ള കുടിശ്ശിക തുകകൾ നൽകിയിട്ടുള്ളതാണ്. കുടിശ്ശിക തുകകൾ കൊടുത്തുതീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എൻ.എഫ്.എസ്.എ. ഡിപ്പോകളിൽ നിന്ന് റേഷൻ കടകളിലേക്ക് ഭക്ഷ്യ ഉല്പന്നങ്ങൾ വിതരണം നടത്തുന്ന വാഹന കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര മാസത്തെ കുടിശിക നൽകാനുണ്ടെന്നും പ്രസ്തുത തുക എപ്പോൾ കൊടുത്തു തീർക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | നിലവിൽ രണ്ട് മാസത്തെ (2024 മെയ്, ജൂൺ) തുകകളാണ് കുടിശ്ശികയായിട്ടുള്ളത്. ഓഡിറ്റ് പൂർത്തീകരിച്ചിട്ടുള്ളതും, വിതരണം നടത്തുവാൻ മറ്റ് തടസ്സങ്ങൾ ഇല്ലാത്തതുമായ, 2024 ഏപ്രിൽ മാസം വരെയുള്ള കുടിശ്ശിക തുകകൾ നൽകിയിട്ടുള്ളതാണ്. കുടിശ്ശിക തുകകൾ കൊടുത്തുതീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സപ്ലൈകോ ഔട്ട് ലെറ്റുകളിൽ സബ്സിഡി ഇനത്തിൽ നൽകുന്ന ഭക്ഷ്യ ഉല്പന്നങ്ങളുടെ വിതരണം നിലച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്നും എന്നുമുതലാണ് വിതരണം നിലച്ചിട്ടുള്ളതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ; | (സി) | സപ്ലൈകോ ഔട്ട് ലെറ്റുകളിൽ സബ്സിഡി ഇനത്തിൽ നൽകുന്ന ഭക്ഷ്യ ഉല്പന്നങ്ങളുടെ വിതരണം നിലച്ചിട്ടില്ല. |
| (ഡി) | സപ്ലൈകോ മുഖേനയുള്ള പഞ്ചസാരയുടെയും കെ-റൈസിന്റെയും വിതരണം മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | സപ്ലൈകോ മുഖേനയുള്ള പഞ്ചസാരയുടെ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ട്. വിതരണക്കാർക്ക് ബിൽ തുക കുടിശ്ശിക നൽകുവാനുള്ളതിനാൽ അവർ ടെണ്ടറിൽ നിന്ന് വിട്ടുനിൽക്കുന്നതു കൊണ്ടാണ് വിതരണത്തിൽ തടസ്സം നേരിട്ടിട്ടുള്ളത്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, 2024 ജൂൺ മാസം മുതൽ പഞ്ചസാര വിതരണം ഭാഗികമായി പുനരാരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ കെ-റൈസിന്റെ വിതരണവും തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സപ്ലൈകോ ജീവനക്കാരുടെ ശമ്പള വിതരണത്തിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കിയ വകയിലുള്ള ക്ലെയിം തുകകൾ ലഭിക്കുന്നതിലെ കാലതാമസമനുസരിച്ചുള്ള സാമ്പത്തിക ബുദ്ധിമുട്ട് സപ്ലൈകോ നേരിടുന്നുണ്ട്. വിപണിയിടപെടൽ പദ്ധതിയിനത്തിൽ ലഭിക്കുവാനുള്ള ക്ലെയിം തുകകൾ കുടിശ്ശികയായതിനാൽ, അവശ്യസാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്കുള്ള തുക നൽകുവാൻ കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ പല വിതരണക്കാരും സാധനങ്ങൾ വിതരണം ചെയ്യാൻ വിമുഖത കാണിക്കുകയും, ഇ-ടെൻഡറിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നത് മൂലം വില്പനശാലകളിൽ അവശ്യ സാധനങ്ങൾക്കു ദൗർലഭ്യം നേരിടുകയും സപ്ലൈകോയുടെ പ്രതിദിന വിറ്റുവരവിൽ വൻ ഇടിവ് ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. മാസാവസാനം ബാങ്കുകൾക്ക് നൽകുവാനുള്ള പലിശയും കൂടി കണക്കിലെടുക്കുമ്പോൾ സപ്ലൈകോയുടെ തനത് ഫണ്ടിൽ നിന്നും എല്ലാ മാസവും അവസാന പ്രവൃത്തി ദിവസം ജീവനക്കാർക്കുള്ള ശമ്പളം നൽകുവാൻ സാധിച്ചിരുന്ന സപ്ലൈകോയ്ക്ക് ശമ്പളം അപ്രകാരം നൽകുവാൻ സാധിക്കാതെ വന്നിട്ടുണ്ട്.<br><br>സപ്ലൈകോയ്ക്ക് ലഭിക്കാനുള്ള കുടിശിക തുകകൾ സമയബന്ധിതമായി ലഭ്യമാക്കു ന്നതിനുള്ള ഇടപെടലുകൾ നടത്തിവരുന്നു. കുടിശ്ശിക തുക ലഭ്യമാകുന്ന മുറയ്ക്ക്, വിതരണക്കാർക്കുള്ള കുടിശിക തുക നൽകുന്നതിനും ശമ്പള വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ